## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - വിവിധ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് - പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി 1/780/2016/കോ.വി.വ                                        തീയതി: 06/06/2016

---

പരാമർശം:- വിവിധ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾമാരുടെ *അപേക്ഷകൾ.*

## ഉത്തരവ്

മണിമലക്കുന്ന് റ്റി.എം.ജെ.എം. ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ പൂർണ്ണ സാമ്പത്തിക അധികാരത്തോടെയുള്ള അധിക ചുമതല നിർവ്വഹിച്ചു വന്ന ഡോ. കെ. ജയകുമാറിന് എറണാകുളം മഹാരാജാസ് കോളേജിലേയ്ക്ക് 2016 -17 അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവനുസരിച്ച് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകിയ ഡോ. കെ. മുരുഗൻ (അസോസിയേറ്റ് പ്രൊഫസർ, ബോട്ടണി), തിരുവനന്തപുരം വിമൻസ് കോളേജിലെ പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകിയ *ഡോ. സുമിത ഇ (അസോസിയേറ്റ് പ്രൊഫസർ, ഫിലോസഫി)* എന്നിവർക്ക് പ്രിൻസിപ്പാൾമാരായി പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവായിരിക്കുന്നു. ഈ സാഹചര്യത്തിൽ മേൽ പരാമർശ പ്രകാരം മണിമലക്കുന്ന്, റ്റി.എം.ജെ.എം.ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പാൾമാരുടെ പൂർണ്ണ സാമ്പത്തിക അധികാരത്തോടെയുള്ള അധിക ചുമതല 06/06/2016 മുതൽ പകരം സംവിധാനം ഉണ്ടാകുന്നതുവരെ യഥാക്രമം പ്രസ്തുത കോളേജുകളിലെ ശ്രീമതി. ഷീജ റ്റി.കെ (അസിസ്റ്റന്റ് പ്രൊഫസർ ഗണിതശാസ്ത്രം), ഡോ. എം.എസ്. വിനയചന്ദ്രൻ (അസോസിയേറ്റ് പ്രൊഫസർ, ഹിന്ദി), ഡോ. ഷെർളി വലിയന്തറ (അസോസിയേറ്റ് പ്രൊഫസർ, ഗണിത ശാസ്ത്രം) എന്നിവർക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
പി.ഐ. ഷെയ്ക്ക് പരീത് *IAS*
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

<u>പകർപ്പ്</u>:-

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ/അദ്ധ്യാപകർ
2) അഡീഷണൽ ചീഫ് സെക്രട്ടറി,
   ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് (ആമുഖ കത്ത് സഹിതം)
3) *അക്കൗണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം*
4) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ
5) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 6/6/16